# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

## ജി.എം.യു.പി.സ്കൂൾ, ചേറ്റുവ

ഇവിടെ.....
പാത വഴുതാതെ,
പാഠപുസ്തകത്തിനുമപ്പുറം,
ജീവിത പാഠങ്ങളുടെ  പടിയേറാൻ
നന്മയുടെ വിത്തുകൾ പാകി മുളപ്പിച്ച്
അധ്യാപക\ ചങ്ങാതികളെപ്പോലെയൊപ്പമുണ്ട്

ഇവിടെ.....
പ്രഭാത പ്രകാശം പോലെ നിറഞ്ഞു നിൽക്കുന്ന
അറിവിന്റെ തെളിവെട്ടമുണ്ട്.

ഇവിടെ.....
ഭയമില്ലാതെ,  പരിമിതികളില്ലാതെ
ചിന്തിക്കാനും  സ്വപ്നം കാണാനും
സ്വാതന്ത്ര്യമുണ്ട്.

ഇവിടെ .......
പഠനത്തിനൊപ്പം
പാട്ടിലും  വരയിലും കളിയിലും അഭിനയത്തിലും
ഓരോരുത്തർക്കും  വികസിക്കാനാവുന്ന
ഇടമുണ്ട്

**ചേറ്റുവ ജി.എം. യു.പി. സ്കൂൾ**

**കുട്ടിക്ക് നിർഭയമായി ,സന്തോഷത്തോടെ, ആത്മവിശ്വാസത്തോടെ , അതതു കാലത്തെ പഠന ലക്ഷ്യങ്ങൾ ആർജ്ജിക്കാനും തന്റെ കഴിവുകൾ പരമാവധി വികസിപ്പിക്കാനും ഏറ്റവും മികച്ച അക്കാദമിക ഭൗതിക അന്തരീക്ഷം സമൂഹപിന്തുണയോടെ ഒരുക്കിയിട്ടുള്ള ഇടം**

**നമ്മുടെ ശക്തി**

- സ്കൂൾ വികസന സമിതിതി, വിവിധ ക്ലബ്ബുകൾ സംഘടനകൾ തുടങ്ങിയവ വഴി ലഭിക്കുന്ന ശക്തമായ ബഹുജന പിന്തുണ
- വികസിച്ചു കൊണ്ടിരിക്കുന്ന ഭൗതിക സൗകര്യം
- ആകർഷകവും മികച്ചതുമായ പ്രി-പ്രൈമറി സംവിധാനം
- സ്നേഹവും സമഭാവനയും അർപ്പണബോധവും കഴിവുറ്റവരും കഠിനാധ്വാനികളുമായ അധ്യാപികമാർ
- അധ്യാപകർ പരസ്പരവും അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള മികച്ച ബന്ധവും കൂട്ടായ്മയും
- പി.ടി.എ യുടെ മികച്ച സഹകരണം
- എസ്.എസ്.കെ, എ.ഇ.ഒ സംവിധാനങ്ങളുടെ അനുഭാവപൂർവ്വമായ സമീപനം.
- സൗഹാർദ്ദപരമായ സ്കൂൾ അന്തരീക്ഷം
- യാത്രാസൗകര്യം

**നമ്മുടെ പരിമിതികൾ**

- അതതു ക്ലാസ്സിൽ നേടേണ്ട പഠന ലക്ഷ്യങ്ങൾ നേടാനാകാത്ത കുട്ടികൾ
- പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾ
- വീട്ടിൽ നിന്നുള്ള പഠന പിന്തുണക്കുറവ്
- സിംഗിൾ പാരന്റ് മാത്രമുള്ള കുട്ടികൾ നേരിടുന്ന പ്രയാസം
- ഓട്ടിസ്റ്റിക് ആയ കുട്ടികൾ നേരിടുന്ന പ്രയാസം
- കൊച്ചു കൊച്ചു കാര്യങ്ങൾക്കു പോലും കുട്ടികൾ ക്ലാസ്സിൽ മുടങ്ങുന്ന ശീലം.
- കുടുംബ പ്രശ്നങ്ങളാൽ പ്രയാസം നേരിടുന്ന കുട്ടികൾ
- കുടുംബങ്ങളുടെ സാമ്പത്തിക പിന്നാക്കാവസ്ഥ
- കുട്ടികൾക്ക് കൈകാര്യം ചെയ്യാൻ കഴിയും വിധമുള്ള ഐ.ടി ഉപകരണങ്ങളുടെ കുറവ്

- വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ വരുന്ന കാലതാമസം.
- അധ്യാപകർക്കു വലിയ ബാധ്യതയായിക്കൊണ്ടിരിക്കുന്ന സ്കൂൾ വാഹനം
- **സർക്കാർ ഹോണറേറിയം ലഭിക്കാത്ത ഒരു പ്രി-പ്രൈമറി ടീച്ചറിനും ആയക്കും നൽകുന്ന വേതനത്തിന്റെ ബാധ്യത**
- **ആവർത്തിച്ചുണ്ടാകുന്ന ചെലവുകൾ അധ്യാപകർക്കുണ്ടാക്കുന്ന സമ്മർദ്ദം**
- **ഓഫീസ് സംബന്ധവും അക്കാദമികവുമായ കാര്യങ്ങൾ സമയബന്ധിതവുമായി നടത്തിത്തീർക്കുന്നതിൽ വരുന്ന സമയക്കുറവ്**
- **പഞ്ചായത്ത് ഇംപ്ലിമെന്റിങ്ങ് ഉൾപ്പെയെയുള്ള പണികൾ പ്രധാന അധ്യാപകന്റെ സ്കൂളിനകത്തുണ്ടാവേണ്ട സമയം കുറക്കൽ**
- **യൂമിഫോം പൂർണ്ണമായും മുഴുവൻ കുട്ടികൾക്കും സ്കൂൾ തുറക്കും മുമ്പ് തന്നെ ലഭ്യാമാകാതിരിക്കുന്നതിന്റെ പ്രയാസം**
- **ആധാർ കാർഡ് , ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ ലഭ്യാമാക്കുന്നതിൽ രക്ഷിതാക്കൾക്കു സാധ്യമാകാത്തതുകൊണ്ട് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്ന കുട്ടികൾ**

## അക്കാദമിക് മാസ്റ്റർ പ്ലാൻ - പൊതു ലക്ഷ്യങ്ങൾ

- പഠനത്തിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും എല്ലാ കുട്ടികളേയും സന്തോഷത്തോ പങ്കെടുപ്പിക്കുക
- കുട്ടികൾ കൈവരിക്കേണ്ട പഠന നേട്ടങ്ങൾ അതതു ടേമുകളിലും അതതു ക്ലാസ്സുകളിലും തന്നെ നേടിയെന്ന് ഉറപ്പുവരുത്തുക.
- പഠന പിന്നാക്കവസ്ഥയിലുള്ള കുട്ടികളുടെ പിന്നാക്കാവസ്ഥക്കുള്ള കാരണങ്ങൾ കണ്ടെത്തുകയും അതു മറികടക്കുന്നതിനായി വ്യക്തി തലത്തിലും ക്ലാസ്സ് തലത്തിലും സ്കൂൾതലത്തിലും പരഹാര പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക വഴി കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ മറികടക്കുക
- എല്ലാ കുട്ടികളും അതതു ക്ലാസ്സ് നിലവാരത്തിനനുസരിച്ച് മാതൃഭാഷയിൽ ശ്രവണം ഭാഷണം വായന ലേഖനം എന്നീ അടിസ്ഥാനശേഷികൾ നേടുന്നുവെന്ന് ഉറപ്പു വരുത്തുക
- ഭാഷാ പഠനം ഓരോ ക്ലാസിന്റെയും നിലവാരത്തിനനുസരിച്ചു വികസിപ്പിച്ച് ആസ്വാദന തലത്തിലേക്ക് ഉയർത്തുക.
- ഇംഗ്ലീഷ് ഭാഷയിൽ അതതു ക്ലാസ്സിലെ നിലവാരമനുസരിച്ച് സ്വതന്ത്രമായ ആശയവിനിമയശേഷി ഉറപ്പു വരുത്തുക .
- പ്രവർത്തനാധിഷ്ഠിത ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലൂടെ ശാസ്ത്രീയ മനോഭാവവും ശാസ്ത്ര ചിന്തയും വളർത്തുക.
- ഗണിത പഠനം ആസ്വാദ്യകരമാക്കുന്നതിനും പ്രായോഗിക പ്രശ്നപരിഹരണശേഷി കൈവരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക
- അന്വേഷണാത്മകവും പ്രവർത്തനാധിഷ്ഠിതവുമായ സാമൂഹ്യ ശാസ്ത്ര പഠനത്തിലൂടെ സാമൂഹ്യ ബോധവും ചരിത്രബോധവും ഉയർത്തുക.

- എൽ.പി തലത്തിൽ അറബിക്ക് ഭാഷാ പഠനം ആസ്വാദ്യകരമായ അനുഭവമാക്കുകയും ഭാഷാസ്നേഹം വളർത്തുകയും ഭാഷാ പ്രയോഗത്തിൽ നേടിയിരിക്കേണ്ട അടിസ്ഥാനശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുകയു ചെയ്യുക.
- യു.പി തലത്തിൽ ഹിന്ദി ഭാഷാ പഠനം ആസ്വാദ്യകരമായ അനുഭവമാക്കുകയും ഭാഷാസ്നേഹം വളർത്തുകയും ഭാഷാ പ്രയോഗത്തിൽ നേടിയിരിക്കേണ്ട അടിസ്ഥാനശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുകയു ചെയ്യുക.
- കുട്ടികളിലെ അന്തർലീനമായ കഴിവുകൾ കണ്ടെത്തുകയും അവ വികസിപ്പിക്കുന്നതിനായി സാഹചര്യവും ഒരുക്കുകയും പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക
- പ്രവൃത്തി പരിചയ – കരകൗശല പ്രവർത്തനങ്ങൾ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് വികസിപ്പിക്കുക
- പി.ടി.എ, എം.പിടിഎ, എസ്.ആർ.ജി , വികസന സമിതി, വിവിധ ക്ലബ്ബുകൾ, വായനശാലകൾ, സംഘടനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തുടങ്ങിയയുടെ പങ്കാളിത്തത്തിലൂടെ ഭൗതിക വികസനത്തിലും അക്കാദമിക വികസനത്തിലും സമൂഹ പങ്കാളിത്തം ഉറപ്പു വരുത്തുക
- SRG യോഗങ്ങൾ വിമർശനാത്മകവും ഗുണാത്മകവും ആക്കി അധ്യാപകരുടെ അക്കാദമിക മികവും ആത്മ വിശ്വാസവും വളർത്തുകയും ഗവേഷണ സ്വഭാവമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുക.
- രക്ഷകർത്താക്കളുടെ നൈപുണ്യങ്ങൾ തിരിച്ചറിയുകയും അത് അക്കാദമിക നിലവാരം ഉയർത്തുന്നതിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുക

## അക്കാദമിക് മാസ്റ്റർ പ്ലാൻ - പൊതു പ്രവർത്തനങ്ങൾ

- എസ്. ആർ ജി യോഗങ്ങളിൽ നിരന്തര അവസ്ഥാ വിശകലനം.
- നിലവാര പരിശോധനയ്ക്ക് ശേഷം ഓരോ ക്ലാസിലെയും നിലവാര പരിശോധന ഗ്രാഫ് അവതരിപ്പിക്കൽ.
- ഓരോ ടേമിലേയും പഠന നേട്ടങ്ങൾ പരിശോധിച്ച് എല്ലാ വിദ്യാർത്ഥികളും ഏറ്റവും കുറഞ്ഞത് കൈവരിക്കേണ്ടത് എന്ന രീതിയിൽ പഠന നേട്ടങ്ങളെ നിശ്ചയിക്കൽ
- നിശ്ചിത നേട്ടം ക്ലാസിലെ ഓരോ കുട്ടിക്കും ലഭിക്കുന്ന വിധത്തിൽ ക്ലാസ് മാസ്റ്റർ പ്ലാൻ രൂപീകരിക്കൽ
- പ്രി-ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത പ്ലാൻ രൂപീകരിക്കൽ.
- ഓരേ ടേം മൂല്യനിർണ്ണയത്തിനും ശേഷം വ്യക്തിഗത മാസ്റ്റർ പ്ലാൻ പുതുക്കൽ.
- ക്ലാസ് പിടിഎ യോഗം ചേർന്ന് ഓരോ ടേമിലേയും ക്ലാസ്സ് പ്ലാൻ പരിചയപ്പെടുത്തുകയും ലക്ഷ്യങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്യൽ
- ഓരോ ടേമിലേയും ക്ലാസ്സ് മാസ്റ്റർ പ്ലാൻ നിർവ്വഹണം
- ഓരോ ടേമിലും കുട്ടികൾ കൈവരിച്ച പഠന നേട്ടങ്ങൾ PTA യോഗങ്ങളിൽ ടെർമിനൽ മികവുത്സവമാക്കി അവതരിപ്പിക്കൽ .

- ഓരോ മാസവും അവസാന പ്രവൃത്തി ദിനം ക്ലാസ് പിടിഎ യോഗങ്ങൾ വിളിക്കുകയും കുട്ടികളിലെ പ്രകടമായ മാറ്റം ബോധ്യപ്പെടുത്തുകയും ചെയ്യൽ.
- ഡിസംബർ അവസാനം ഓരോ കുട്ടിയുടേയും മികച്ച മേഖലകൾ കണ്ടെത്തി എല്ലാ കുട്ടിക്കും അവസരം ലഭിക്കും വിധം Class Fest സംഘടിപ്പിക്കൽ.
- രണ്ടാം ടേമിലെ നിരന്തര വിലയിരുത്തൽ ഫലവും രണ്ടാം പാദവാർഷിക പരീക്ഷാഫലവും വിശകലനം ചെയ്ത് ഓരോ ക്ലാസും കഴിഞ്ഞ് തൊട്ടടുത്ത ക്ലാസിലേക്ക് പ്രവേശിക്കുന്ന കുട്ടി നേടിയിരിക്കേണ്ട അടിസ്ഥാന ശേഷികൾ ഊന്നിക്കൊണ്ട് ഫിൽറ്റർ ടെസ്റ്റ് നടത്തൽ
- ആവശ്യമെങ്കിൽ അധിക ദിവസങ്ങൾ/സമയം കണ്ടെത്താം പ്ലാൻ നിർവഹിക്കൽ
- ഓരോ ആഴ്ചയിലും എസ് ആർ ജിയിൽ വിദ്യാർത്ഥികളുടെ പുരോഗതി വിലയിരുത്തൽ
- അധ്യയന വർഷാവസാനം ക്ലാസ് PTA യോഗം വിളിച്ച് ഓരോ ക്ലാസിലും ഓരോ ടേമിലും പൊതുവായി എല്ലാ കുട്ടികളും നിർബന്ധമായും നേടിയിരിക്കേണ്ടത് എന്ന് നിശ്ചയിച്ച പഠനനേട്ടങ്ങളുടെ ചാർട്ട് പ്രദർശനം.
- രക്ഷിതാക്കൾക്ക് നേരിട്ട് കുട്ടികൾ ആർജ്ജിച്ച വിലയിരുത്താനുള്ള അവസരം നൽകൽ
- പ്രവർത്തന പദ്ധതിയുടെ വിജയപ്രഖ്യാപനം, കോർണർ പിടി.എ കളിൽ മികവുത്സവ അവതരണം

# അക്കാദമിക് മാസ്റ്റർ പ്ലാൻ – 3+

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാരീരിക ചാലക വികാസം, സാമൂഹിക വൈകാരിക വികാസം, സർഗാത്മക സൗന്ദര്യാത്മക വികാസം, വൈജ്ഞാനിക വികാസം എന്നിവ നേടിയെടുക്കാൻ അവസരം ഒരുക്കുന്നു | നിർദ്ദേശിച്ചിട്ടുള്ള തീം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ<br>കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട കഥകൾ, ചമഞ്ഞുകളി, പാട്ട് - അരങ്ങിടത്തിന്റേയും കെ.എസ്.ആർ.ടി.സി തിയ്യേറ്ററിന്റേയും സൗകര്യം പ്രയോജനപ്പെടുത്തി അവതരിപ്പിക്കൽ<br><br>നിർമ്മാണയിടം പ്രയോജനപ്പെടുത്തി കളർ പേപ്പർ ഉപയോഗിച്ച് വീട് നിർമ്മാണം (◎,⊖,▢ ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച്)<br><br>വരയിടം സൗകര്യം പ്രയോജനപ്പെടുത്തി ഈർക്കിൽ വീട്, നിറം നൽകൽ, കളിത്തോണി വർക്ക് ഷീറ്റ് പൂർത്തിയാക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| ഭാഷാ വികാസം<br>വൈജ്ഞാനിക വികാസം<br>സാമൂഹിക വൈകാരിക വികാസം<br>ശാരീരിക ചാലക വികാസം | വ്യക്തി ശുചിത്വംവും പരിസര ശുചിത്വവുമായി ബന്ധപ്പെട്ട പാട്ട് കഥ അവതണം<br>(അരങ്ങ്)<br>വീഡിയോ (ഇ -ഇടം )<br>മാജിക് മഴ ( ഹരിതോദ്യാനം )<br>തോണി നിർമ്മാണം<br>പേപ്പർ കുട നിർമ്മാണം (നിർമ്മാണയിടം)<br>കുടവരച്ച് നിറം നൽകൽ<br>പലതരം പഴങ്ങൾ പരിചയപ്പെടൽ, നിറം,വലിപ്പം ആകൃതി,മണം, രുചി, മേനി പറച്ചിൽ ( അരങ്ങ്) | ജൂലൈ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ശാരീരിക ചാലക വികാസം<br>ഗണിതപരമായ ബുദ്ധി ഇവ നേടിയെടുക്കാൻ അവസരം ഒരുക്കുന്നു .<br>ഭാഷാ വികാസം നേടിയെടുക്കുന്നു. | | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| വൈജ്ഞാനിക വികാസം പ്രകൃതിപരമായ ബുദ്ധി എന്നിവ നേടിയെടുക്കാൻ അവസരം നൽകുന്നു.<br>ഭാഷാ വികാസം, ശാരീരിക ചാലക വികാസം, സർഗാത്മക സൗന്ദര്യ വികാസം നേടിയെടുക്കുന്നു. | പൂക്കൾ,ഇലകൾ എന്നിവ ആകൃതി മണം എന്നിങ്ങനെ തരംതിരിക്കുന്നു.<br>ഇലപ്പാട്ട് (നീളം,ചെറുത്,വലുത്, വട്ടത്തിൽ)<br>ഹരിതോദ്യാനം<br>മണൽത്തടത്തിൽ പൂക്കൾ അലങ്കരിക്കുന്നു.<br><br>പൂക്കളം ഒരുക്കുന്നു.<br><br>പുലിക്കളി( സംഗീതയിടം )<br>വാദ്യോപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്നു.<br><br>പച്ചക്കറി സാലഡ് നിർമ്മാണം.<br>ചമഞ്ഞു കളി "പച്ചക്കറി കട "<br>( കളിയിടം അകം) | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| ഭാഷാ വികാസം,ശാരീരിക ചാലക വികാസം,സർഗാത്മക സൗന്ദര്യാത്മക വികാസം,വൈജ്ഞാനിക വികാസം നേടിയെടുക്കാൻ | ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട കഥ, പാട്ട്,നിറം നൽകൽ.<br>വളർത്തു പക്ഷികൾ വളർത്തുമൃഗങ്ങൾ ചിത്രങ്ങൾക്ക് നിറം നൽകൽ.<br>ചിത്രങ്ങൾ (മൃഗങ്ങൾ,പക്ഷികൾ) ഇവലുകൾ ഒട്ടിക്കൽ.( വരയിടം )<br>മുറിച്ച ചിത്രങ്ങൾ (ചിത്രപസ്സിൽ)<br>വന്യജീവികൾ മൃഗങ്ങളുടെ മാസ്ക് ഉപയോഗിച്ച് ചമഞ്ഞു കളി | | | |

| | | | | |
|---|---|---|---|---|
| അവസരം ഒരുക്കുന്നു. | പാട്ട്<br>കളിമണ്ണ് കുഴച്ച് രൂപങ്ങൾ,മണ്ണപ്പം ഉണ്ടാക്കുന്നു. കൃഷി ഉപകരണങ്ങൾ വീഡിയോ കാണുന്നു. മണ്ണ് നിരീക്ഷണം ചോദ്യോത്തരം പാട്ട് (കൃഷി ) | | | |
| ഭാഷാ വികാസം,ശാരീരിക ചാലക വികാസം, സാമൂഹികവും വൈകാരികവുമായ വികാസം,വൈജ്ഞാനിക വികാസം എന്നിവ നേടിയെടുക്കാൻ സഹായിക്കുന്നു. | പക്ഷികളുടെ കഥ കേൾക്കൽ ഐസിടി ഉപയോഗിച്ച് (ഇ -ഇടം )<br>ആംഗപ്പാട്ട് (പക്ഷികളുടെ കട്ടൗട്ടുകൾ)<br>തൊഴിലുകൾ പലതരം കൃഷിയുമായി ബന്ധപ്പെട്ട പൂന്തോട്ട നിർമ്മാണം. (ഹരിതോദ്യാനം )<br>പോലീസ് സ്റ്റേഷൻ ചിത്രങ്ങളിൽ നിറം നൽകുന്നു. ചുമതല<br>കാലയളവ്<br>സാമ്പ നത്തിക* വിശകലനം | നവംബർ | ക്ലാസ് ടീച്ചർ | |
| വൈജ്ഞാനിക വികാസം, ശാരീരിക വികാസം, ശാരീരിക ചാലക വികാസം,സർഗാത്മക സൗന്ദര്യമക വികാസം മുതലായവ ഉണ്ടാക്കിയെടുക്കാൻ അവസരം ഒരുക്കുന്നു. | ജീവികളെ പരിചയപ്പെടുത്തൽ (ഹരിതോദ്യാനം )<br>പ്രകൃതി നടത്തം<br>ചിത്രങ്ങൾ ഒട്ടിക്കൽ<br>പാട്ട് വണ്ട്<br>വസ്ത്രം (ഒറിഗാമി )<br>നിർമ്മാണ ഇടം<br>വെജിറ്റബിൾ പ്രിന്റിംഗ് മുങ്ങുമോ പൊങ്ങുമോ (ശാസ്ത്രയിടം )<br>ബട്ടൻസ് ഇടൽ<br>ചിത്രം നോക്കി പറയൽ ക്രിസ്മസ് ആഘോഷം<br>നിറം നൽകൽ<br>മെഴുകു ചിത്രം * | ഡിസംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഭാഷാ വികാസം ശാരീരിക ചാലക വികാസം സാമൂഹിക വൈകാരിക വികാസം നേടിയെടുക്കാൻ അവസരം നൽകുന്ന പ്രവർത്തനങ്ങൾ | അഭിനയഗാനം (വാഹനങ്ങൾ) പലതരം വാഹനങ്ങൾ<br>പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് പലതരം വാഹനങ്ങൾ ഉണ്ടാക്കുന്നു.<br>മച്ചിങ്ങ വണ്ടി നിർമ്മാണം (നിർമ്മാണയിടം) വാഹനങ്ങളുടെ ചിത്രം<br>വീടും ചുറ്റുപാടും വരച്ച ചിത്രത്തിന് നിറം നൽകുന്നു.<br><br>പൊതു സ്ഥാപനങ്ങൾ<br>റോൾപ്ലേ ടീച്ചർ,കുട്ടി<br>അടുത്തുള്ള പൊതു സ്ഥാപനം സന്ദർശിക്കുന്നു. | | | |
| ശിശുക്കളുടെ ശാരീരിക മാനസിക വികാസം സംബന്ധിച്ച് രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കൽ | കുട്ടിയെ അറിഞ്ഞ് വളർത്താം<br>വിദഗ്ധരുടെ ക്ലാസ്സ് രക്ഷകർത്താക്കൾക്കായി സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | HM, Staff Secretary, SRG Convenor | 1500 |

# ർഅക്കാദമിക് മാസ്റ്റർ പ്ലാൻ – 4+

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാരീരിക ചാലക വികാസം, സാമൂഹിക വൈകാരിക വികാസം എന്നിവ നേടിയെടുക്കാൻ അവസരം ഒരുക്കുന്നു | തീം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ കളർ പേപ്പർ ഉപയോഗിച്ച് വീട് നിർമ്മാണം (നിർമ്മാണയിടം) കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട കഥകൾ പറയൽ റോൾപ്ലേ അവതരിപ്പിക്കൽ ( അരങ്ങ് )ശുചിത്വ ശീലങ്ങളും ആയി ബന്ധപ്പെട്ട വീഡിയോ ശേഖരണങ്ങൾ പരിചയപ്പെടുത്തൽ. | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ലക്ഷ്യം ഭാഷാ വികാസം വൈജ്ഞാനിക വികാസം നേട്ടവാൻ അവസരം | ആകൃതി,മണം എന്നിങ്ങനെ ഇലകളെ തരംതിരിക്കൽ( ഹരിതോദ്യാനം), വന്യമൃഗങ്ങളുടെ കൊളാഷ്,ഇല മൃഗ നിർമ്മാണം ( നിർമ്മാണയിടം) | ഓഗസ്റ്റ്-സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| വൈജ്ഞാനിക വികാസം, സാമൂഹിക- വൈകാരിക വികാസം നേട്ടവാൻ അവസരം ഒരുക്കുന്നു. | പ്രാണികൾ/ഇ ഴജന്തുക്കൾ- മുറിച്ച ചിത്രങ്ങൾ ( ചിത്ര പസ്സിൽ ) ജീവികളെ പരിചയപ്പെടുത്തൽ ( ഹരിതോദ്യാനം) | ഒക്ടോബർ-നവംബർ | ക്ലാസ് ടീച്ചർ | |
| ഭാഷാ വികാസം, വൈജ്ഞാനിക വികാസം നേട്ടവാൻ അവസരം ഒരുക്കുന്നു | മുത്തുകളുടെ നിറം,വലിപ്പം അനുസരിച്ച് താരതമ്യം ചെയ്യുന്നതിന് ഗണിത ഭാഷ ഉപയോഗിക്കുന്നു (ഗണിതയിടം ) | ഡിസംബർ-ജനുവരി | ക്ലാസ് ടീച്ചർ | |
| ശാരീരിക ചാലക വികാസം, സർഗാത്മക- സൗന്ദര്യാത്മക വികാസം നേട്ടവാൻ അവസരം ഒരുക്കുന്നു. | പൂവ നിർമ്മിക്കൽ, ബാഡ്ജ് നിർമ്മാണം, മുട്ടത്തോട് ഉപയോഗിച്ച് മനുഷ്യരൂപം നിർമ്മിക്കൽ,<br>തീം അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ (നിർമ്മാണ ഇടം )<br><br>വൈജ്ഞാനിക വികാസം നേടിയെടുക്കാൻ അനുഭവിച്ചറിയുന്നതിലൂടെ ശേഷി നേടുന്ന പ്രവർത്തനങ്ങൾ ഉത്സവങ്ങൾ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് ഉത്സവമേളം നടത്തുന്നു. രാത്രിയിലെ ആകാശ ചിത്രം നിറം നൽകുന്ന ചിത്രം വരയ്ക്കുന്ന അനുഭവിച്ചറിയൽ ( രാത്രി പകൽ ) കളികൾ( തീവണ്ടി കളി കാക്ക പറ പറ അയ്യോ പുലി വരുന്നേ ) | ഫെബ്രുവരി | | |
| ശാരീരിക ചാലക വികാസം വൈജ്ഞാനിക വികാസം ഭാഷാ വികാസം നേടിയെടുക്കാൻ അവസരം ഒരുക്കുന്നു | പ്രവർത്തനം ചിത്രത്തിലെ സംഭവങ്ങൾ പറയൽ (ICT സാധ്യത)- വാർത്ത വിനിമയ മാർഗങ്ങൾ വെള്ളത്തിന്റെ നിറം മാറൽ ( ശാസ്ത്രയിടം) കുപ്പി വെള്ളത്തിൽ താഴ്ത്താം ( പരീക്ഷണം) കാട്ടിലെ മൃഗങ്ങൾ( റോൾപ്ലേ ) | | | |
| അഞ്ചു വികാസ മേഖലയിലൂടെ 86 ശേഷികൾ നേടിയെടുക്കാൻ | 30 തീമുകൾ പ്രയോജനപ്പെടുത്തി കഥ പാട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നിറം നൽകാൻ ശാസ്ത്രകൗതുകം കുട്ടികളിൽ ഉണ്ടാകുവാൻ ശാസ്ത്ര ഉത്സവം | ജൂൺ മാർ | പിടിഎ | |

| | | | | |
|---|---|---|---|---|
| കുട്ടികളെ ഒരുക്കുന്നു | നടത്തുന്നു കളിത്തോണി പുസ്തകത്തിലെ പ്രവർത്തനങ്ങൾ തീം അനുസരിച്ച് ചെയ്യുന്നു | | | |
| ശിശുക്കളുടെ ശാരീരിക മാനസിക വികാസം സംബന്ധിച്ച് രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കൽ | കുട്ടിയെ അറിഞ്ഞ് വളർത്താം<br>വിദഗ്ധരുടെ ക്ലാസ്സ് രക്ഷകർത്താക്കൾക്കായി സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | HM, Staff Secretary, SRG Convenor | 1500 |

# മാസ്റ്റർ പ്ലാൻ മലയാളം – എൽ.പി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും വായന | ജൂൺ 19 ന് ക്ലാസ്സ് ഒരു വായനക്കൂട്ട് ഉത്ഘാടനം .<br>ക്ലാസ്സ് ലൈബ്രറിയിലേക്ക് വേണ്ട പുസ്തകങ്ങൾ സമാഹരിക്കൽ<br>ലൈബ്രറേറിയൻ ആയി കുട്ടികളെ തന്നെ തെരിഞ്ഞെടുക്കൽ,<br>പുസ്തക വിതരണം, വായാനാനുഭവം പങ്കുവെയ്ക്കൽ<br>വീട് ഒരു വായന കൂട് - വീട്ടിൽ ഒരു ലൈബ്രറി ഉണ്ടാക്കുന്നു. കുട്ടികളിൽ വായനയെ പ്രോത്സാഹിപ്പിക്കുന്നു.<br>വായനാക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ<br>വായിച്ച പുസ്തകം അസംബ്ലിയിൽ അവതരിപ്പിക്കൽ<br><br>ജൂൺ 19 മുതൽ ഒരുമാസക്കാലം വായനാ മാസാചരണം സംഘടിപ്പിക്കുന്നു. ക്ലാസ് ലൈബ്രറി രൂപീകരണം, അമ്മമാർക്കും കുട്ടികൾക്കും ക്വിസ്സ് മത്സരം. വായനാമത്സരം, പ്രസംഗ മത്സരം, സാഹിത്യക്വിസ്സ് പുസ്തക പരിചയം , വായനാനുഭവം പങ്കുവയ്ക്കൽ....എന്നിങ്ങനെ ഒരു ദിവസം ഒരു പ്രോഗ്രം എന്നനിലയിൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ<br>PTA | |

| | | | | |
|---|---|---|---|---|
| | ഒരുമാസം നീളുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>എല്ലാ ദിവസവും ഉച്ചനേരത്ത് വായനാമണി അടിക്കുമ്പോൾ അധ്യാപകരും കുട്ടികളും എല്ലാവരും ക്ലാസ്സ് ലൈബ്രറിയിൽ നിന്നു പുസ്തകങ്ങൾ എടുത്തു വായിക്കുന്നു.<br>വായനാ മാസാചരണം പ്രാദേശിക എഴുത്തുകാരെ പങ്കെടുപ്പിച്ചു കൊണ്ടും സമാപനം പൂർണ്ണമായും കുട്ടികളുടെ നേതൃത്വത്തിലും സംഘടിപ്പിക്കുന്നു.<br>ക്ലാസ്സ് ലൈബ്രറിയിൽ നിന്ന് തുടർച്ചയായി പുസ്തകങ്ങൾ നൽകുന്നു | | | |
| കുട്ടികൾ സ്വതന്ത്ര ആവിഷ്കാരം നടത്തുന്നു.<br>രചയിതാക്കളായി മാറുന്നു | അധ്യാപകർ, രക്ഷിതാക്കൾ അതിഥികൾ, ICT തുടങ്ങിയ സാധ്യതകൾ ഉപയോഗിച്ച് കഥ കേൾക്കാൻ അവസരം ഒരുക്കുന്നു.<br>തങ്ങൾ വായിച്ചതും തങ്ങളുടെ ഭാവനയിൽ വിരിയുന്നതുമായ കഥകൾ കുട്ടികൾ അവതരിപ്പിക്കുന്നു | ജൂൺ മുതൽ | രക്ഷിതാവ്, ക്ലാസ്സ് ടീച്ചർ | |
| സംയുക്ത ഡയറി സർഗാത്മക ഡയറി എഴുതൽ | 1,2 ക്ലാസ്സുകളിൽ ,സയുക്ത ഡയറി തുടരുകയും മൂന്നാം ക്ലാസ്സിൽ കുട്ടി തനിച്ചു ഡയറി എഴുത്ത് തുടങ്ങുകയും ചെയ്യുന്നു | ജൂലൈ മുതൽ | രക്ഷിതാവ് കുട്ടി , ടീച്ചർ | |
| ഈണവും താളവും അറിഞ്ഞു കവിത ചൊല്ലുന്നു<br>3, 4 ക്ലാസ്സുകളിൽ കാവ്യോത്സവം സംഘടിപ്പിക്കുന്നു | കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു വായ്ത്താരികൾ ചേർത്ത് പാടാനുള്ള അവസരം<br>പാട്ടുത്സവം പ്രധാന ഇനമാക്കുന്നു | ആഗ്സ്റ്റ് മുതൽ | ക്ലാസ്സ് ടീച്ചർ | |
| സർഗ്ഗാത്മക പ്രകടനം -<br>നേതൃശേഷി വികാസം - ബാലസഭ | പഠനപ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും കുട്ടികൾ ആർജ്ജിക്കുന്ന സർഗ്ഗാത്മക പ്രവർത്തനങ്ങൾ രണ്ടാഴ്ചയിൽ ഒരിക്കൽ ക്ലാസ്സ് മുറിയിലും മാസത്തിലൊരിക്കൽ സ്കൂളിൽ പൊതുവായും അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നു | ജൂലൈ മുതൽ | ക്ലാസ്സ് ടീച്ചർ<br>വിദ്യാരംഗം കൺവീനർ | |

# മാസ്റ്റർ പ്ലാൻ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കേൾക്കാനും (Listening) പറയാനും (Speaking) വായിക്കാനും എഴുതാനും ( Writing) ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് പൂരകമായും അല്ലാതെയും കുട്ടികളുടെ നിലവാരമനുസരിച്ച് പ്രത്യേകം സന്ദർഭങ്ങൾ ഒരുക്കി ഇംഗ്ലീഷിൽ നിർഭയമായി ആശയവിനിമയം നടത്താനും രചനകൾ നടത്താനും ഉള്ള ശേഷി വികസിപ്പിക്കുന്നു. | ഇംഗ്ലീഷ് ക്ലാസ്സ് പൂർണ്ണമായും ഇംഗ്ലീഷിൽ തന്നെ കൈകാര്യം ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | An hour for English<br>എല്ലാ അധ്യാപകരും മാറിമാറി ഇംഗ്ലീഷിൽ കഥ കവിത കളികൾ എന്നിവ അവതരിപ്പിക്കുവാനായി ഒന്നുമുതൽ നാലു വരെയുള്ള ക്ലാസുകളിൽ എത്തുന്നു.<br>Speaking skill<br>കുട്ടികൾ ഇംഗ്ലീഷിൽ തന്നെ നിർഭയമായി പ്രതികരിക്കുന്നു | ആഴ്ചയിൽ ഒരിക്കൽ | എസ് ആർ ജി | |
| | Digi English<br>ഐസിടി സാധ്യതപ്രയോജനപ്പെടുത്തി ഇംഗ്ലീഷ് ഭാഷയിലുള്ള കഥകവിത കാർട്ടൂൺ മറ്റ് പരിപാടികൾ എന്നിവ കാണാൻ അവസരം നൽകുന്നു. | ആഴ്ചയിലൊരിക്കൽ | എസ് ആർ ജി | |
| | English Assembly<br>ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ എൽ പി വിഭാഗം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. രണ്ടാം മുതൽ ക്ലാസ് മുതൽ അസംബ്ലിക്ക് തയ്യാറെടുത്ത് ക്ലാസ് അടിസ്ഥാനത്തിൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | ടേം ഒന്ന് രണ്ട് മൂന്ന് | എസ് ആർ ജി<br>ഇംഗ്ലീഷ് ക്ലബ് | |
| | A word a day<br>ദിവസവും ഒരു ഇംഗ്ലീഷ് വാക്ക് ക്ലാസ് തലത്തിൽ പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| | Riddle time<br>എല്ലാ തിങ്കളാഴ്ചയും ഓരോ കുട്ടിവീതം റിഡ്ഡിലുകൾ ചോദിക്കാനും ഉത്തരം ചർച്ച ചെയ്യാനും കണ്ടെത്താനും അവസരം ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| | Enrich English | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | ഇംഗ്ലീഷിൽ പ്രാവീണ്യം ഉള്ള പ്രാദേശികമായും അല്ലാതെയുമുള്ള ഫാക്കൽറ്റികളെ ഉൾപ്പെടുത്തി പ്രത്യേക ഇംഗ്ലീഷ് ബോധന പരിപാടി ക്ലാസ്സ് / ക്യാമ്പ് സംഘടിപ്പിക്കുന്നു. | | SRG<br>PTA | 5000 |
| | A.English Library<br>ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ നിലവാരോചിതമായി ക്രമീകരിച്ച് വായിക്കാൻ അവസരം ഒരുക്കുന്നു.<br>പാഠഭാഗവുമായി ബന്ധപ്പെടുത്തിയും അല്ലാതെയും വായനാ കാർഡുകൾ നിർമ്മിക്കുന്നു, വായിക്കാൻ അവസരം നൽകുന്നു. | ജൂൺ to മാർച്ച് | | |
| | A.English Magazine<br>എൽപി തലത്തിൽ ഓരോ ടീമിലും എല്ലാ കുട്ടികളുടെയും ആ ടീമിലെ മികച്ച രചന ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | ജൂൺ to മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ്<br>SRG | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക പ്രകടനങ്ങൾ പൊതു ഇടങ്ങളിൽ അവതരിപ്പിക്കാൻ കഴിയുന്നു. | A.English Festival<br>ക്ലാസ് തല ഇംഗ്ലീഷ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു.<br>സ്കൂൾ തലത്തിൽ ഇംഗ്ലീഷ് ബാലസഭ സംഘടിപ്പിക്കുന്നു<br>ഫെബ്രുവരി മാസത്തിൽ സ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഫെസ്റ്റിവൽ നടത്തുന്നു.<br>ടേം എന്റ് പഠനോത്സവങ്ങളിൽ ഇംഗ്ലീഷ് കലാരൂപങ്ങൾ അവതരിപ്പിക്കുന്നു<br>ഇംഗ്ലീഷ് റീൽ സാധ്യത പ്രയോജനപ്പെടുത്തി വിദ്യാലയത്തിന്റെ സാമൂഹ്യ-മാധ്യമ പേജിൽ പോസ്റ്റുചെയ്യുന്നു. | February | English club<br>എസ് ആർ ജി<br>ക്ലാസ്സ് ടീച്ചർ | |

## മാസ്റ്റർ പ്ലാൻ - അറബിക്

| | | | | |
|---|---|---|---|---|
| | | | | **സാമ്പത്തി** |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | കം |
|---|---|---|---|---|
| അക്ഷരമധുരം<br><br>അറബിഭാഷയിൽ പിന്നോക്കംനിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കൽ | ടെസ്റ്റ്നടത്തിപിന്നോക്കം നിൽക്കുന്നകുട്ടികളെകണ്ടത്തുന്നു.അക്ഷരംതിരിച്ചറിയാത്ത കുട്ടികൾക്ക്പരിശീലനം നൽകുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അറബികുീച്ചർ<br>PTA | |
| വായനാലോകം<br>കുട്ടിയെവായനാ ലോകത്തേക്ക് കൊണ്ടു വരിക.<br>നല്ല വായനക്കാരനാക്കുക. | തെരഞ്ഞ്ടുത്ത അറബിക്ചിത്രകഥ, കഥപുസ്തകം ശേഖരിക്കുക.<br>മാസത്തിൽഒരിക്കൽ പുസ്തകങ്ങൾ വായിപ്പിക. | ജൂലൈ– മാർച് | അറബികുീച്ചർ<br>HM | |
| ആസ്വാദകലോകം<br>പാടാനുംപറയാനും | കഴിവുള്ളകുട്ടികളെ കണ്ടെത്തി മാസത്തിൽ ആസ്വദനസഭചേരുക. ഒരിക്കൽ അവതരിപ്പിച്ചവർഅടുത്ത സഭയിൽ ആസ്വദകരാകണം. | ജൂലൈ– മാർച് | അറബികുീച്ചർ<br>ക്ലാസ്സ് ടീച്ചർ | |
| പദപരിചയം<br>അറബിപദസമ്പത്ത് വർദ്ധിപ്പിക്കൽ | ക്ലാസ്സിൽ അദ്ധ്യാപകൻ ദിവസം ഒരുപദം ഉറക്കെ പറയുന്നു. ഒരു കുട്ടിഅത് ബോർഡിൽ എഴുതുന്നു. തെറ്റുണ്ടെങ്കിൽ അദ്ധ്യാപകൻ തിരുത്തുന്നു. എല്ലാ കുട്ടികളുംനോട്ടിൽഒരു ഭാഗത്ത്അത്എഴുതി വെക്കുന്നു. | ജൂലൈ–<br>ഫെബ്രുവരി | അറബിക്<br>ടീച്ചർ | |
| അറബിക് അസംബ്ലി<br>അറബിഭാഷാപഠന പ്രോത്സാഹനം, | പരിശീലനം. മാസത്തിൽകഴിവുള്ള കുട്ടികളെതെരഞ്ഞ്ടുത്ത് അസംബ്ലി സംഘടിപ്പിക്കുക. | ജൂലൈ–<br>ഫെബ്രുവരി | അറബിക്<br>ടീച്ചർ | |
| നല്ലഎഴുത്ത് കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | രണ്ട്ഴ്ചയിൽഒരിക്കൽ 3,4 ക്ലാസ്സുകൾക്ക് കയ്യെഴുത്ത ബുക്ക് നൽകി ഒരുപേജ്മ മാത്രം എഴുതിച്ച് എഴുത്തിന് ഭംഗിവരുത്തുന്നു | ജൂലൈ– മാർച് | അറബിക്<br>ടീച്ചർ<br>PTA | |

# മാസ്റ്റർ പ്ലാൻ എൽ.പി - പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള മനോഭാവം വളർത്തൽ | പച്ചക്കറിത്തോട്ട നിർമ്മാണം<br>ഔഷധത്തോട്ട നിർമ്മാണം<br>വികസിക്കുന്ന കൃഷി ഡയറി<br>സ്കൂളും പരിസരവും ഹരിതാഭം ആക്കൽ<br>പരിസ്ഥിതി ദിനാചരണം - പാരിസ്ഥിതിക അവബോധ പരിപാടി<br>മെഗാ കൊളാഷ് നിർമ്മാണ<br>അരുത് - വലിച്ചെറിയരുത്<br>ഒഴിഞ്ഞ പ്ലാസ്റ്റിക് പേനകളും കുപ്പികളും നിർദ്ദിഷ്ട ഇടങ്ങളിൽ ശേഖരിക്കുന്നു | ജൂൺ -മാർച്ച് | കാർഷിക ക്ലബ്ബ് | |
| ശുചിത്വ ബോധമുള്ള വ്യക്തികളെയും സമൂഹത്തെയും സൃഷ്ടിക്കൽ | കുട്ടികളുടെ വ്യക്തി ശുചിത്വം പാലിക്കുന്നത് ഉറപ്പുവരുത്തുന്നു<br>മാലിന്യങ്ങൾ വിവിധ ബക്കറ്റുകളിൽ വേർതിരിച്ച് ഇടുന്ന ശീലം വളർത്തുന്നു<br>ശുചിത്വാവബോധ ക്ലാസ്സ്<br>ആഹാര ശീലങ്ങളും ആരോഗ്യ ശീലങ്ങളും<br>പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സർവ്വേ<br>ആരോഗ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ സൂചനാ ബോഡുകൾ കുട്ടികൾ സ്ഥാപിക്കൽ | ജൂൺ -മാർച്ച് | ശാസ്ത്ര ക്ലബ്ബ് ആരോഗ്യ ക്ലബ് | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം നൽകുന്നു | ജൂലൈ-മാർച്ച് | ശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| പ്രകൃതി നടത്തം നിരീക്ഷണം അറിവ് നിർമ്മാണം | ചേറ്റുവയുടെ പ്രകൃതി കണ്ടു മനസ്സിലാക്കൽ - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ ചേറ്റുവക്കായൽ, കണ്ടലുകൾ,കടൽത്തീരം.....സന്ദർശനം | സെപ്റ്റംബർ | ശാസ്ത്ര ക്ലബ്ബ് , അധ്യാപകർ | |
| ശാസ്ത്ര മൂല, ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൻ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ശാസ്ത്ര മൂലയിൽ ഒരുക്കുന്നു | ജൂലൈ | അധ്യാപകർ | |

# മാസ്റ്റർ പ്ലാൻ - ഗണിതം (LP)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനം ആസ്വാദ്യകരമാക്കി ഗണിതം കുട്ടികളുടെ ഇഷ്ട വിഷയമാക്കുക | കുസൃതി കണക്കുകൾ പസിലുകൾ ഗണിത സമവാക്യങ്ങളും തത്വങ്ങളും ഉൾപ്പെടുന്ന ഗണിതവായന കാർഡുകൾ ഗണിത ഗെയിമുകൾ ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ ഗണിത കടങ്കഥകൾ ഓരോ ക്ലാസിലും ഗണിത കോർണർ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ കളികളിലൂടെയുള്ള പഠനം ആശയങ്ങളെ മൂർത്ത സ്വഭാവമുള്ളതാക്കി ക്ലാസ്സിൽ അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക ഗണിത ക്ലബ്ബ് | |
| ജ്യാമതീയസൗന്ദര്യം തിരിച്ചറിയുന്നു | ദേശീയ പതാകയിലെ ഗണിതം<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം<br>ഗണിത പൂക്കള മത്സരം<br>ജ്യോമട്രിക് പാറ്റേണുകളുടെ പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക ഗണിത ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ<br>ഗണിതശേഷികൾ<br>വളർത്തി ഗണിതത്തിലെ<br>പഠന പിന്നോക്കാവസ്ഥ<br>പരിഹരിക്കൽ | ഒരു പ്രശ്നത്തെ പല രീതിയിൽ സമീപിക്കുകയും വ്യത്യസ്ത<br>ചിന്താരീതികൾ വളർത്തുകയും ചെയ്യൽ<br>ഊഹച്ചിന്തയിലൂടെയുള്ള പ്രശ്നപരിഹരണം<br><br>ജാമിതീയ രൂപങ്ങളുടെ പ്രദർശനം പ്രൊട്ടാക്ടർ<br>നിർമ്മാണം<br>വൃത്ത ഭാഗങ്ങൾ കോണുകൾ എന്നിവയുമായി ബന്ധപ്പെട്ട്<br>ക്ലോക്ക് നിർമ്മാണം<br><br>കേരളത്തിലെ ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രം<br>പരിചയപ്പെടുത്തൽ<br>ഗണിത മാഗസിൻ നിർമ്മാണവും പ്രദർശനവും<br>ശ്രീനിവാസ രാമാനുജന്റെ സംഭാവനകൾ കുട്ടികളെ<br>പരിചയപ്പെടുത്തുന്ന പ്രഭാഷണം<br>ഭാരതത്തിലെ ഗണിതശാസ്ത്രത്തിലെ പരിചയപ്പെടുത്തൽ<br><br>കഥകളിലൂടെയും നിത്യജീവിതത്തിലെ സാഹചര്യങ്ങളുമായി<br>ബന്ധിപ്പിച്ചും ഗണിത പ്രശ്നപരിഹരണം. ക്ലാസ്സ് മുറിയിലെ<br>ഗണിത രൂപങ്ങൾ പരിചയപ്പെടൽ<br>വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കൽ<br>കൃത്യത സൂക്ഷ്മത വർദ്ധിപ്പിക്കൽ<br>ഗണിതവുമായി ബന്ധപ്പെട്ട നിർമ്മിതികളിലൂടെയുള്ള പഠനം | ജൂൺ മുതൽ<br>മാർച്ച് വരെ | ഗണിത അധ്യാപിക<br>ഗണിത ക്ലബ്ബ് | |
| ഗണിതത്തിന്റെ സൗന്ദര്യം<br>ആസ്വദിക്കൽ<br>യുക്തിചിന്ത വളർത്തൽ | ജാമിതീയ പാറ്റേണുകൾ വരക്കൽ ജാമിതീയ രൂപങ്ങളുടെ<br>നിർമിതി ചലനാത്മക മോഡലുകളുടെ നിർമ്മാണം<br>സംഖ്യാ ചിത്രങ്ങൾ ,പ്രകൃതിയിലെ ഗണിതം ,സംഖ്യ<br>പാറ്റേണുകൾ ,ഗണിത ഡയറി ,ഗണിത അസംബ്ലി | ജൂൺ മുതൽ<br>മാർച്ച് വരെ | ഗണിത അധ്യാപിക<br>ഗണിത ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | ,സുഡോക്കോ മത്സരങ്ങൾ മാന്ത്രിക ചതുരങ്ങൾ | | | |
| കേരളം ഗണിതത്തിന് നൽകിയ സംഭാവനകൾ പരിചയപ്പെടുത്തൽ | ഗണിത ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടൽ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക ഗണിത ക്ലബ്ബ് | |
| ഗണിത പഠനം ലളിതമാക്കാം | ഗണിത അസംബ്ലി, ഗണിത ഡയറി, ഗണിത മാഗസിൻ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക ഗണിത ക്ലബ്ബ് | |

## മാസ്റ്റർ പ്ലാൻ യു.പി - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ഭാഷാപരമായ നിലവാരം വിലയിരുത്തുന്നു.<br>കുട്ടികളെ വിവിധ ഗ്രേഡുകളിലാക്കുന്നു<br>പിന്നാക്കം നിൽക്കുന്നവർക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിഹാരബോധന പ്രവർത്തനം നടത്തുന്നു.<br>അക്ഷരം ഉറപ്പിക്കൽ , ചിഹ്നങ്ങൾ ഉറപ്പിക്കൽ , വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കൽ സതുടങ്ങിയക്കായി പരിശീലനം നൽകുന്നു.<br><br>വായന ഗ്രൂപ്പുകൾ എല്ലാതരത്തിലുള്ള കുട്ടികളെയും ഉൾപ്പെടുത്തി വായന ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. തങ്ങളുടെ ഗ്രൂപ്പിൽ വായനയിൽ പിന്നാക്കം നിൽക്കുന്നവരെ നന്നായി വായിക്കാൻ കഴിയുന്നവർ സഹായിക്കുന്നു. | ജൂൺ സെപ്റ്റംബർ | അഞ്ജലിടീച്ചർ | |

| | | | | |
|---|---|---|---|---|
| | ഗ്രൂപ്പ് തല മത്സരങ്ങൾ സംഘടിപ്പിക്കുന്നു .<br>വിജയികൾക്ക് സമ്മാനം നൽകുന്നു | | | |
| സ്വതന്ത്ര വായന<br>വായനാശീലം വളർത്തൽ | ജൂൺ 19 മുതൽ ഒരുമാസക്കാലം വായനാ മാസാചരണം സംഘടിപ്പിക്കുന്നു. ക്ലാസ് ലൈബ്രറി രൂപീകരണം, അമ്മമാർക്കും കുട്ടികൾക്കും ക്വിസ്സ് മത്സരം. വായനാമത്സരം, പ്രസംഗ മത്സരം, സാഹിത്യക്വിസ്സ് പുസ്തക പരിചയം , വായനാനുഭവം പങ്കുവയ്ക്കൽ....എന്നിങ്ങനെ ഒരു ദിവസം ഒരു പ്രോഗ്രം എന്നനിലയിൽ ഒരുമാസം നീളുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>എല്ലാ ദിവസവും ഉച്ചനേരത്ത് വായനാമണി അടിക്കുമ്പോൾ അധ്യാപകരും കുട്ടികളും എല്ലാവരും ക്ലാസ്സ് ലൈബ്രറിയിൽ നിന്നു പുസ്തകങ്ങൾ എടുത്തു വായിക്കുന്നു.<br>വായനാ മാസാചരണം പ്രാദേശിക എഴുത്തുകാരെ പങ്കെടുപ്പിച്ചു കൊണ്ടും സമാപനം പൂർണ്ണമായും കുട്ടികളുടെ നേതൃത്വത്തിലും സംഘടിപ്പിക്കുന്നു.<br>ക്ലാസ്സ് ലൈബ്രറിയിൽ നിന്ന് തുടർച്ചയായി പുസ്തകങ്ങൾ നൽകുന്നു | | | |
| രചനാശേഷി വികാസം | വ്യക്തിഗത രചനകൾ പ്രോത്സാഹിപ്പിക്കുന്നതിനു സഹായിക്കുന്ന വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും ആഘോഷ പരിപാടികളുമായി ബന്ധപ്പെട്ടും രചനാ മത്സരങ്ങൾ , റിപ്പോർട്ട് തയ്യാറാക്കൽ, കത്ത്, ഇ-കത്ത് രചനകൾ സംഘടിപ്പിക്കുന്നു.<br>ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും മാഗസിനുകൾ നിർമ്മിക്കുന്നു.<br>വിശേഷ അവസരങ്ങളുടെ വാർത്തകൾ ചേർത്ത് മെഗാചുമർപത്രം തയ്യാരാക്കുന്നു. | ജൂൺ മാർച്ച് | വിദ്യാരംഗം<br>കലാവേദി | |
| സർഗ്ഗാതമക പ്രകടന ശേഷി വികാസം | പ്രതിമാസം കലാ സാഹിത്യ സദസ്സ് പൂർണ്ണമായും കുട്ടികളുടെ കാർമ്മികത്വത്തിൽ സംഘടിപ്പിക്കുന്നു.<br>പാഠഭാഗങ്ങളും ദിനാചരണങ്ങളും ഉൾപ്പെടുത്തി പ്രസംഗം , സ്കിറ്റ് ,ഷോർട്ട് ഫിലിം തുടങ്ങിയവ തയ്യാറാക്കി അവതരണം | | | |

| | | | | |
|---|---|---|---|---|
| | ടേം എന്റ് പഠനോത്സവങ്ങളിൽ തെരഞ്ഞെടുത്തവ അവതരിപ്പിക്കുന്നു | | | |

# മാസ്റ്റർ പ്ലാൻ യു.പി - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ഇംഗ്ലീഷ് ഭാഷാപരമായ നിലവാരം വിലയിരുത്തുന്നു. കുട്ടികളെ വിവിധ ഗ്രേഡുകളിലാക്കുന്നു<br>പിന്നാക്കം നിൽക്കുന്നവർക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിഹാരബോധന പ്രവർത്തനം നടത്തുന്നു.<br>- അക്ഷരം ഉറപ്പിക്കൽ - വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കൽ<br>- വായന ഗ്രൂപ്പുകൾ രൂപീകരിച്ച് ഗ്രൂപ്പിൽ നന്നായി വായിക്കുന്ന സഹപാഠികളുടെ സഹായത്തോടെ ചെറിയ വായന കാർഡുകൾ ഉപയോഗിച്ച് വായന തുടങ്ങി പാഠപുസ്തകങ്ങളിലേക്ക് പ്രവേശിക്കുന്നു | ജൂൺ-സെപ്റ്റംബർ | | |
| ഇംഗ്ലീഷ് ഭാഷ കേൾക്കാനും (Listening) പറയാനും (Speaking) വായിക്കാനും എഴുതാനും ( Writing) ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് പൂരകമായും അല്ലാതെയും കുട്ടികളുടെ നിലവാരമനുസരിച്ച് പ്രത്യേകം സന്ദർഭങ്ങൾ ഒരുക്കി ഇംഗ്ലീഷിൽ നിർഭയമായി ആശയവിനിമയം നടത്താനും രചനകൾ നടത്താനും | ഇംഗ്ലീഷ് ക്ലാസുകളിൽ ഭാഷ ശ്രവിക്കുന്നതിന് ധാരാളം അവസരങ്ങൾ ഒരുക്കുന്നു.<br>ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ നിലവാരത്തിലുള്ള കഥകളും മറ്റും കേൾപ്പിക്കുന്നു.<br>പ്രാദേശികമായി ലഭ്യമായവരും പുറത്തു നിന്നുള്ളവരുമായ ഇംഗ്ലീഷ് ഭാഷാ വിദഗ്ധരുടെ ക്ലാസുകൾ കുട്ടികൾക്ക് കേൾക്കാനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നു<br>ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുന്നു<br>ചെറിയ വായന കാർഡുകളിൽ നിന്ന് പുസ്തകങ്ങളിലേക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട വായനക്ക് അവസരം നൽകുന്നു | ജൂൺ-സെപ്റ്റംബർ | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഉള്ള ശേഷി വികസിപ്പിക്കുന്നു. | ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു.<br>പാഠഭാഗവുമായി ബന്ധപ്പെട്ട രചനകൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നു<br>ഇംഗ്ലീഷ് ക്ലാസുകളിൽ ഇംഗ്ലീഷ് മാത്രം സംസാരിക്കുവാൻ അവസരം നൽകുന്നു<br>പാഠഭാഗവുമായി ബന്ധപ്പെട്ട സ്കിറ്റുകൾ, റോൾപ്ലേ എന്നിവ സംഘടിപ്പിക്കുന്നു<br>കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന്<br>പാഠഭാഗങ്ങളും ദിനാചരണങ്ങളും ഉൾപ്പെടുത്തി പ്രസംഗം, സ്കി റ്റുകൾ ഷോർട്ട് ഫിലിം തയ്യാറാക്കൽ<br>ഇംഗ്ലീഷ് ബാലസഭ സംഘടിപ്പിക്കൽ<br>ജൂൺ മാർച്ച് മാർച്ച് | ജൂൺ-മാർച്ച് | | |

# മാസ്റ്റർ പ്ലാൻ യു.പി - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| യുപിതലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ പ്രവർത്തനങ്ങൾ | അക്ഷരം എഴുത്ത് - ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ് , വാക്കുകൾ എഴുതിയ കാർഡ് , ക്ലാസ്സിൽ അക്ഷരമാല പ്രദർശനം , വാക്കുകൾ എഴുതിയ കാർഡുകൾ , വാക്കുകൾ നിർമാണം .<br>വാക്യങ്ങളുടെ നിർമ്മാണം , അക്ഷരമാല കളികൾ<br>അക്ഷര ചാർട്ട് പാഠപുസ്തകം പിന്തുണ | ജൂൺ ഓഗസ്റ്റ് | ബി ആർ സി ഡയറ്റ് | |
| വീട് - ഭാഷാ പഠനയിടം കാണുന്നതും കേൾക്കുന്നതും | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | സെപ്റ്റംബർ ഒക്ടോബർ | പിടിഎ,ബി ആർ സി | |

| | | | | |
|---|---|---|---|---|
| ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ മനസ്സിലാക്കുന്നു | ഐസിടിയുടെ സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>ഹിന്ദി നിഘണ്ടു | ഭൗതികം | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം | ❁ഹിന്ദി അസംബ്ലി<br>❁ദിനാചരണങ്ങൾ (സെപ്റ്റംബർ 14 ജനുവരി 10 )<br>❁ക്ലാസ് ലൈബ്രറി<br>❁അധിക വായന സാമഗ്രികൾ<br>❁ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>❁ചിത്രം അടിക്കുറിപ്പ്<br>❁ചിത്രകഥ പറയൽ<br>❁ചിത്രം കഥയെഴുതൽ<br>❁കഥ<br>ബാക്കിയെഴുതൽ വായന മൂല | നവംബർ<br>ഫെബ്രുവരി | ബി ആർ സി<br>പിടിഎ<br>ഡയറ്റ് | |

# മാസ്റ്റർ പ്ലാൻ യു.പി - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പുവരുത്തൽ , | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br>(നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകൻ | |
| | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | വർഷത്തിൽ ഒരു | | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനം ഒറിഗാമി ശിൽപ്പശാല ജപ്പാനീസ് കലയായ ഒറി ഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കൽ അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | പ്രാവശ്യം | | |
| | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | | | |
| | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൾ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | അക്കാദമിക വർഷം | ഗണിത അധ്യാപകൻ ക്ലബ്ബിലെ അംഗങ്ങൾ | |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപകൻ ക്ലബ്ബ് ലീഡർമാർ | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | | | | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക | പ്രവർത്തനം ഐടി സാധ്യതകളിലൂടെ ജാമിതീയ രൂപങ്ങൾ ചതുഷ്ഫലകങ്ങൾ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| | ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത ആദ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി | | | |

| | | | | |
|---|---|---|---|---|
| | ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | | | |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | കച്ചവട ഗണിതം ,റോൾപ്ലേ, പാചകക്കുറിപ്പ് തയ്യാറാക്കൽ. ചുറ്റുമുള്ള രൂപങ്ങൾ തിരിച്ചറിയൽ, യാത്രയിലൂടെ ദൂരം, ,സമയം ദൂരം എന്നിവ മനസ്സിലാക്കൽ | സെപ്റ്റംബർ-മാർച്ച് | ഗണിതാധ്യാപിക | |

# മാസ്റ്റർ പ്ലാൻ – യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യത്യസ്ത ജീവിത സന്ദർഭങ്ങളിലും ചുറ്റുപാടുകളിലുമുള്ള ശാസ്ത്രം തിരിച്ചറിയൽ | ഔഷധത്തോട്ടം പച്ചക്കറി തോട്ടം തുടങ്ങിയവയുടെ നിർമ്മാണം<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ<br><br>കാവ് , കണ്ടൽ കാട് പുഴയ തുടങ്ങിയ ഇടങ്ങളിലേക്കുള്ള യാത്രകൾ<br>നിത്യജീവിതത്തിലെ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ലഘുപരീക്ഷണങ്ങൾ<br><br>ശാസ്ത്ര ക്ലബ്ബ് ആരോഗ്യ ക്ലബ് ശുചിത്വ ക്ലബ് തുടങ്ങിയ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധ സഭകൾ<br><br>കുട്ടികളിൽ ശാസ്ത്രാവബോധം സൃഷ്ടിക്കുന്നതിന് ശാസ്ത്രപുസ്തകം വായിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കൽ<br><br>ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | ശാസ്ത്ര ക്ലബ്ബ്<br><br>ആരോഗ്യ ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക | ICT<br>സഹായത്തോടെ ശാസ്ത്ര ലോകത്തെ നൂതന കണ്ടുപിടുത്തങ്ങളും ആശയങ്ങളും കുട്ടികളുമായി പങ്കുവെക്കുന്നു<br>ശാസ്ത്ര വാർത്തകൾ ശേഖരിച്ച് ക്ലാസ് മുറിയിൽ ശാസ്ത്രയിടത്ത് ചേർത്തു വയ്ക്കുന്നു | ജൂൺ-മാർച്ച് | ശാസ്ത്ര ക്ലബ്ബ് | |
| ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള അവബോധമുയർത്തൽ | ലഹരി ഉപയോഗമുൾപ്പെടെയുള്ള ദുശ്ശീലങ്ങളുടെ അപകടം തിരിച്ചറിയുന്നതിനുള്ള ക്ലാസ്<br>പോഷക ഘടകങ്ങൾ അടങ്ങിയ ആഹാരത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് അവബോധ ക്ലാസ്<br>പോഷക സമൃദ്ധമായ ഭക്ഷ്യ പദാർത്ഥങ്ങളുടെ പാചകവും പ്രദർശനവും.<br>പ്രകൃതി ദത്തവും ആരോഗ്യകരവുമായ പാനീയങ്ങളുടെ നിർമ്മാണവും | ഒക്ടോബർ | ആരോഗ്യ ക്ലബ്ബ് | |
| വ്യക്തികളുടേയും സമൂഹത്തിന്റേയും വികാസം ശാസ്ത്രപഠനത്തിലൂടെ സ്വായത്തമാക്കുക | ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താനുള്ള പരീക്ഷണങ്ങൾ<br>ശുചിത്വ ക്യാമ്പസ്സിനായി കുട്ടികളുടെ നിയമാവലി തയ്യാറാക്കലും പ്രാവർത്തികമാക്കലും<br>പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | | | |

## മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിസകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക | ക്ലാസ്സ് മുറികളിൽ അഭിപ്രായ പ്രകടനത്തിനും തീരുമാനങ്ങൾ എടുക്കുന്നതിനും ഉള്ള അവസരങ്ങൾ കുട്ടിക്ക് ഉറപ്പാക്കുന്നു.<br>ക്ലാസ്സ് ലീഡർ തെരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ നടക്കുന്നുവെന്നു ഉറപ്പു വരുത്തുന്നു<br>സ്കൂൾ പാർലിമെന്റ് തെരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ ചേരുകയും നിരന്തരമായി പാർലിമെന്റ് ചേർന്ന് പൊതുകാര്യങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു.<br>മോക്ക് പാർലിമെന്റ് സംഘടിപ്പിക്കുന്നു<br>ജില്ലാ പഞ്ചായത്ത് സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ ഗ്രാമ സഭയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.<br>പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയത്ത് പത്രവാർത്തകൾ വിശകലനം ചെയ്ത് തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം ചർച്ച ചെയ്യുന്നു | ജൂൺ<br>പഞ്ചായത്തു തെരഞ്ഞെടുപ്പ് കാലം | സജന ടീച്ചർ<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>സാമൂഹ്യശാസ്ത്ര ടീച്ചർ | |
| ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്ര പ്രാധാന്യം തിരിച്ചറിയുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു | സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക്ക് ദിനം, ഗാന്ധിജയന്തി.... തുടങ്ങി ചരിത്ര പ്രാധാന്യമുള്ള ദിനങ്ങൾ വിവിധ പരിപാടികളോടെ SRG യിൽ ചർച്ച ചെയ്തു നടപ്പിലാക്കുന്നു. | | സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>സാമൂഹ്യശാസ്ത്ര ടീച്ചർ | |
| സമൂഹ ചലനത്തിന്റെ പൊതു സ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാക്കാനും സഹായിക്കുക | ലഹരിക്കെതിരായി വിവിധങ്ങലായ പ്രവർത്തനങ്ങൾ ക്ലാസ്സ്തലം, സ്കൂൾ തലം, പൊതു സമൂഹത്തിലെക്കിറങ്ങ എന്നിങ്ങനെ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.<br>കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ.<br>ലഹരി വിരുദ്ധ ദിനം ഉൾപ്പെടെ ആചരിക്കുന്നു<br>കുടിവെള്ള സംബന്ധിയായി പ്രദേശത്തെ ജനങ്ങൾ നേരിടുന്ന പ്രശ്നത്തെ സംബന്ധിച്ച് കുട്ടികൾ പ്രോജക്റ്റ് പഠനം ചെയ്യുന്നു. റിപ്പോർട്ട് അധികാരികൾക്ക് കൈമാറുന്നു | ജൂൺ- മാർച്ച് | സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>സാമൂഹ്യശാസ്ത്ര ടീച്ചർ | |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്ര – സാങ്കേതിക വിദ്യ സാധ്യതകൾ സാമൂഹ്യ-ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | വിദഗ്ധരുടെ ക്ലാസ്സുകൾ അഭിമുഖങ്ങൾ ചർച്ചകൾ സംഘടിപ്പിക്കുന്നു. സംഘടിപ്പിക്കുന്നു .<br>മൾട്ടീ മീഡിയ സംവിധാനം പ്രയോജനപ്പെടുത്തുന്നു. | സെപ്റ്റംബർ | പ്രധാന അധ്യാപകൻ അഞ്ജലി ടീച്ചർ. രാഖിടീച്ചർ | |

*********************************************************